KSEB

# KERALA STATE ELECTRICITY BOARD LTD.

Incorporated under the Companies Act,1956 (No.1/1956)
Corporate Identity Number : U40100KL2011SGC027424
Regd. Office : Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004

Tel:0471-2514492,2514455
e-mail:pokseb@gmail.com

Personnel Department,
Vydyuthi Bhavanam, pattom,
Thiruvananthapuram – 695004

Date: 01.01.2016.

## നോട്ടീസ്

വിഷയം :- ശമ്പള പരിഷ്കരണം — കമ്മിറ്റി രൂപീകരണം — തുടർനടപടികൾ - സംബന്ധിച്ച്.

സൂചന :- G.O.(Rt) No.311/2015/PD dated 22.12.2015.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പള/വേതന കരാർ പുതുക്കുന്നതിലേയ്ക്കായി ഒരു ശമ്പള പരിഷ്കരണ കമ്മിറ്റി രൂപീകരിച്ച് സൂചന പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

1. ആദ്യഘട്ടമായി കമ്മിറ്റി ചെയർമാനും അംഗങ്ങളും 04.01.2016 മുതൽ 06.01.2016 വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ തിരുവനന്തപുരം വൈദ്യുതി ഭവനത്തിലെ ബോർഡ് റൂമിൽ പ്രവർത്തിക്കുന്നതാണ്.
2. ട്രേഡ് യൂണിയനുകളും, ഓഫീസർമാരുടെ സംഘടനകളും നൽകുന്ന അവകാശ പത്രികകളും, ജീവനക്കാരുടെ നിവേദനങ്ങളും സെക്രട്ടറി (ഭരണം) സ്വീകരിക്കുന്നതാണ്
3. KSEBL ലെ അംഗീകൃത സംഘടനകൾ നൽകുന്ന അവകാശ പത്രികകൾ സെക്രട്ടറി (ഭരണം) പരിഷ്കരണ കമ്മിറ്റിക്ക് കൈമാറുന്നതാണ്.
4. KSEBL ലെ മറ്റ് രജിസ്റ്റേർഡ് സംഘടനകൾ നൽകുന്ന നിർദ്ദേശങ്ങളും പരാതികളും കൂടാതെ ജീവനക്കാർ നൽകുന്ന പൊതുവായ നിവേദനങ്ങളും സെക്രട്ടറി (ഭരണം) പ്രസ്തുത കമ്മിറ്റിക്ക് കൈമാറുന്നതാണ്.
5. ശമ്പള പരിഷ്കരണ കമ്മിറ്റി മുമ്പാകെ അംഗീകൃത ട്രേഡ് യൂണിയനുകൾക്കും, ഓഫീസർമാരുടെ അംഗീകൃത സംഘടനകൾക്കും പരിഷ്കരണം സംബന്ധിച്ച് അവരുടെ ആവശ്യങ്ങളും, ആശങ്കകളും നേരിട്ടും അവതരിപ്പിക്കാവുന്നതാണ്

6. കമ്മിറ്റിയ്ക്ക് ലഭിക്കുന്ന അവകാശ പത്രികകളും, നിർദ്ദേശങ്ങളും, നിവേദനങ്ങളും വിശദമായി പഠിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം KSEBL മാനേജ്മെന്റിന് സമർപ്പിക്കുന്നതാണ്.

7. കമ്മിറ്റിയുടെ റിപ്പോർട്ടും, അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ അംഗീകൃത സംഘടനകളും സമർപ്പിച്ച അവകാശ പത്രികകളും അടിസ്ഥാനപ്പെടുത്തി KSEBL ന്റെ മുഴുവൻ സമയ അംഗങ്ങൾ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി ഉഭയകക്ഷി ചർച്ചകൾ നടത്തി ശമ്പള പരിഷ്കരണ കരാർ രൂപപ്പെടുത്തുന്നതാണ്.

8. ഉഭയകക്ഷി ചർച്ചകൾ 2015 ൽ നടന്ന ഹിതപരിശോധനയിൽ അംഗീകാരം ലഭിച്ച ട്രേഡ് യൂണിയനുകളുമായി മാത്രമേ നടത്തുകയുള്ളൂ. ശമ്പള പരിഷ്കരണ ഉടമ്പടിയിൽ പ്രസ്തുത അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് മാത്രമേ ഒപ്പ് വയ്ക്കുവാൻ അധികാരം ഉണ്ടായിരിക്കുകയുള്ളൂ.

9. ഇത്തരത്തിൽ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ നിലവിൽ അംഗീകാരം ഉള്ള ഓഫീസർ സംഘടനകളുമായി മാത്രമേ നടത്തുകയുള്ളൂ.

10. അംഗീകൃത ട്രേഡ് യൂണിയനുകളുമായി ഒപ്പിടുന്ന ദീർഘകാല കരാർ KSEBL ന്റെ ഡയറക്ടർ ബോർഡും സംസ്ഥാന സർക്കാരും അംഗീകരിച്ച് ഉത്തരവാകുന്നതാണ്.

ശമ്പള പരിഷ്കരണ കമ്മിറ്റിയുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം വിനിയോഗിക്കണമെന്നും ഫലപ്രദവും, ഗുണകരവുമായ ഒരു ശമ്പള പരിഷ്കരണ കരാറിന് രൂപം നൽകാൻ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി (ഭരണം)

സ്വീകർത്താവ്

1. ട്രേഡ് യൂണിയൻ/ഓഫീസർ സംഘടനകളുടെ ജനറൽ സെക്രട്ടറിമാർ.
2. വകുപ്പ് തലവൻമാർ.
3. ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ.
4. നോട്ടീസ് ബോർഡ്.